ഒന്നാം ഭാഗം

# പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന

**പട്ടക്കാരൻ:- ശുബഹോ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ട് ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമെ. ആമ്മീൻ.

പരമാർത്ഥികളായ മനുഷ്യരെ തിരഞ്ഞെടുത്ത് ദൈവികരാക്കിത്തീർക്കുകയും, തന്റെ ദിവ്യശക്തി കലർത്തി അവരുടെ ആയുഷ്കാലത്തും മരണശേഷവും അവരുടെ മദ്ധ്യസ്ഥത യാചിക്കുന്നവർക്ക് തക്ക സഹായികളാക്കി തീർക്കുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവിന് സ്തുതി. ദൈവമായ കർത്താവേ! ഞങ്ങളുടെ പിതാവായ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥത യാചിക്കുന്ന ഞങ്ങളെ വാഴ്ത്തി അനുഗ്രഹിക്കണമേ. ഈ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനയാൽ ഞങ്ങളെ എല്ലാവരെയും പരിശുദ്ധാത്മ കൃപയിൽ കാത്തുകൊള്ളണമേ. നിന്റെ ദയയാൽ ഞങ്ങളെ എല്ലാവരെയും വാഴ്ത്തി അനുഗ്രഹിക്കണമേ. ഹോശോ...

**ജനം: ഹാലേലൂയ്യാ... ഹാ... ഹാ...**

അനന്തരം പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിഞ്ഞ് മദ്ബഹയുടെ വാതിൽക്കൽ നിന്നുകൊണ്ട് ഈ എക്ബോ ചൊല്ലുന്നു

**(മന്നാ നിക്ഷേപിതചെപ്പും... എന്ന രീതി)**

ദൈവത്തിൻവിളി കൊണ്ടോനാം
ഗ്രീഗോറിയോസ് പരിശുദ്ധാ!
ബാല്യം മുതലായുസ്സെല്ലാം
നോമ്പർത്ഥന കണ്ണീരുകളാൽ
കായത്തെ ക്ഷീണിപ്പിച്ചു

ആത്മാവിൽ തേജോമയനായ്
രോഗികളുടെ നിലവിളി കേട്ട്
സൗഖ്യത്തിനായ് പ്രാർത്ഥിക്ക
ആർത്തന്മാർ നിന്നർത്ഥനയാൽ
ആശ്വാസം പ്രാപിക്കണമേ.

സാത്താനാൽ ബന്ധിതരായോർ
സ്വാതന്ത്ര്യം പ്രാപിക്കട്ടെ
രക്ഷകനീയേഴകളിന്മേൽ
കാരുണ്യം വർഷിക്കട്ടെ

താതാ-തവ മദ്ധ്യസ്ഥതയാൽ
പാപികളാമിവർ നേടട്ടെ
സൗഖ്യം, പാപവിമോചനവും.

**മൊറിയോറാഹേം.......**

## പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്നുകൊണ്ട് നടത്തുന്ന പ്രാർത്ഥന

സർവ്വലോകങ്ങളുടെയും ദൈവമേ! സർവ്വ ചരാചരങ്ങളുടെയും സൃഷ്ടാവേ! മനുഷ്യരുടെയും മാലാഖമാരുടെയും നാഥാ പരിശുദ്ധ മാർ ഗ്രീഗോറിയോസിനെ ശൈശവം മുതലേ നിന്റെ അത്മീയവേലയ്ക്കായി നീ വേർതിരിച്ചു. ഈ പരിശുദ്ധ പിതാവ് തിരുസന്നിധിയിൽ ജീവിതം നിർമ്മലത യോടെ കഴിച്ചുകൂട്ടുകയും നോമ്പാലും പ്രാർത്ഥനയാലും സുകൃതജീവിത ത്താലും നിനക്ക് ഇഷ്ടനായിത്തീരുകയും ചെയ്തു. ആകയാൽ കാരുണ്യ വാനും മനസ്സലിവുള്ളവനുമായ കർത്താവേ! പരിശുദ്ധ പരുമല മാർ ഗ്രിഗോറി യോസ് തിരുമേനിയുടെ നിരന്തരമായ മദ്ധ്യസ്ഥതയാൽ വരുവാനിരിക്കുന്ന സകല ശിക്ഷകളിൽനിന്നും ഞങ്ങൾ സംരക്ഷിക്കപ്പെടണമേ. കർത്താവേ രോഗി കളെ സുഖപ്പെടുത്തണമേ. ഞെരുക്കത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കണമേ. ദുരാത്മാക്കളാൽ പരീക്ഷക്കപ്പെടുന്ന എല്ലാവരെയും മോചിപ്പിക്കണമേ. പരിശുദ്ധ സഭയിൽ സമാധാനം വർദ്ധിപ്പിക്കണമേ. ഭൂമിയിൽ നിന്ന് തർക്കങ്ങ ളെയും ഭിന്നതകളെയും നീക്കണമേ. ലോകത്തിന്റെ നാനാഭാഗത്തും തിരുസഭ യുടെ കൊമ്പിനെ ഉയർത്തണമേ.

മേൽപ്പട്ടക്കാരെ വിശുദ്ധ ജീവിതത്തിന്റെ മാർഗ്ഗദീപങ്ങളാക്കണമേ. പട്ടക്കാർക്ക് ആത്മപ്രകാശം നൽകണമേ. ശെമ്മാശ്ശന്മാരെ പ്രശോഭിതരാക്കണമേ. സന്യാസ്തർക്ക് ആത്മബലം നൽകണമേ. പുരുഷന്മാരെ ദൈവാശ്രയമുള്ളവരാക്കണമേ. സ്ത്രീകളെ പതിവ്രതകളാക്കണമേ. മക്കളില്ലാത്ത വേദനയിലും നിരാശയിലും കഴിയുന്ന ദമ്പതിമാരെ അനുഗ്രഹിക്കേണമേ. വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള ബുദ്ധിയും ഓർമ്മശക്തിയും നൽകണമേ. കുഞ്ഞുങ്ങളെ കരുണയോടെ കാത്തുകൊള്ളണമേ.

ആപത്തിലും വൈഷമ്യത്തിലും ഇരിക്കുന്ന എല്ലാവരെയും ആശ്വസിപ്പിക്കണമേ. യാത്രചെയ്യുന്നവരെ അപകടത്തിൽ നിന്നും കാത്തുകൊള്ളണമേ. പട്ടിണിക്കാരെ സന്തുഷ്ടരാക്കണമേ. ദരിദ്രന്മാരെ സഹായിക്കണമേ. മനോഭാരത്തിൽ ഇരിക്കുന്നവരെ പ്രത്യാശയുള്ളവരാക്കണമേ. ഭൂമിയിലെ കായ്കനികളെ വർദ്ധിപ്പിക്കണമേ. സസ്യാദികളെയും കൃഷികളെയും അനുകൂലമായ കാലാവസ്ഥ നൽകി സംരക്ഷിക്കണമേ. സംവത്സരത്തെ മുഴുവനായി അനുഗ്രഹിക്കണമേ.

പരിശുദ്ധനായ മാർ ഗ്രീഗോറിയോസ് പിതാവേ! അവിടുത്തെ മദ്ധ്യസ്ഥതയാൽ ബലഹീനരായ ഞങ്ങളും സന്നിഹിതരായിരിക്കുന്ന പട്ടക്കാരും കാത്തുകൊള്ളപ്പെടുമാറാകണമേ. ഞങ്ങൾ മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഉച്ചത്തിൽ ചൊല്ലുന്നു.

**കുറിയേലായിസ്സോൻ, കുറി... കുറി...**

**അനന്തരം പട്ടക്കാരൻ കിഴക്കോട്ട് തിരിഞ്ഞ് ബലിപീഠത്തിന്റെ മുമ്പാകെ നിന്നുകൊണ്ട് ചൊല്ലുന്നു.**

രക്ഷകനാം മശിഹാ! – നിൻ പ്രയനാം ഗ്രീഗോറിയോസിൻ
പ്രാർത്ഥനയാൽ പാരിൽ, സഭയിതിലും വാഴ്വുകളരുളണമേ
പുണ്യപിതാവിൻ സ്വീ–കൃതമാകും മദ്ധ്യസ്ഥത തേടി
അണയുന്നോർക്കരുൾക ശാന്തിയതും, സൗഖ്യത്തോടൊപ്പം.

കർത്താവേ ഞങ്ങൾ
വാതിലിൽ മുട്ടുന്നു
അർത്ഥിക്കുന്നു കൃപ
ആലംബം നീയേ.

മാർ ഗ്രീഗോറിയോസ് - താതൻ തൻ പ്രാർത്ഥനയാൽ നാഥാ മോചനവും വാഴ്വും - ഞങ്ങൾക്കും വിഗതർക്കും നൽക.

**അനന്തരം താഴെ കൊടുത്തിരിക്കുന്ന അപേക്ഷകൾ രണ്ടു ഗൂദായായി ഓരോന്നും അയ്യഞ്ചു പ്രാവശ്യം വീതം ചൊല്ലുന്നു**

**കുറിയേലായിസ്സോൻ. കുറി... കുറി... കുറി... കുറി...**

നാഥാ കൃപ ചെയ്തീടണമെ. നാഥാ... നാഥാ... നാഥാ... നാഥാ...

നാഥാ കനിവാൽ കൃപചെയ്യണമേ. നാഥാ... നാഥാ... നാഥാ... നാഥാ...

നാഥാ അരുളി കൃപ ചെയ്യണമേ. നാഥാ... നാഥാ... നാഥാ... നാഥാ...

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. എന്നേയ്ക്കും ഞങ്ങളുടെ ശരണവുമേ നിനക്ക് സ്തുതി.

**ബാറക്മോർ.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

കൃപനിറഞ്ഞ മറിയമേ...

**പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിഞ്ഞ് എല്ലാവരെയും ആശിർവദിച്ച ശേഷം നേർച്ചക്കാരെ കൈ മുത്തിക്കുന്നു.**

## പ്രദക്ഷിണഗീതം

പാരിതിലെങ്ങും - പരവശരാശ്വാസം - പാരം പ്രാപിപ്പാൻ
പരികീർത്തിതനാം പരിശുദ്ധാ!-
പരുമലമരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

ചിന്താകുലരാം - സന്താനങ്ങളഹോ
സന്തതമിദ്ധരയിൽ
സന്താപക്കുരിരുൾ നീങ്ങി-സന്തോഷക്കതിരൊളി കാണ്മാൻ
പരികീർത്തിതനാം പരിശുദ്ധാ!
പരുമലമരുവും തിരുമേനി!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

ശാന്തിജഗത്തിൽ-കാന്തിപരത്തിടുവാൻ-
ഭ്രാന്തി വെടിഞ്ഞവരും
സ്വാന്തനമിയലും ദൈവികദു-
തേന്തിടുവാനെൻ പ്രിയജനകാ!
പരികീർത്തിതനാം പരിശുദ്ധാ!
പരുമലലെ മരുവും തിരുമേനി!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

ഖിന്നതയെന്യേ-മന്നിടമതിലടി-
യാരെന്നുമമർന്നിടുവാൻ,
തന്നനുപമ കൃപനേടിടുവാൻ
പരികീർത്തിതനാം പരിശുദ്ധാ
പരുമലലെ മരുവും തിരുമേനി!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

സങ്കടമാലും-വൻകടലിൽ മുങ്ങി-
പങ്കപ്പാടേൽപ്പോർ
ശങ്കയകന്നാനന്ദത്തിൻ തിങ്കൾ
പ്രഭയിൽ കുളിരേല്പാൻ
പരികീർത്തിതനാം പരിശുദ്ധാ-
പരുമലലെമരുവും തിരുമേനി!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

നിർമ്മലസഭയിൽ-ദുർമ്മതിയാം സാത്താൻ-
നിർമ്മിച്ചൊരു പൊളിതൻ
കർമ്മം നിർമൂലം നീക്കാ-ധർമ്മം-
മേന്മേൽ വിജയിപ്പാൻ
പരികീർത്തിതനാം പരിശുദ്ധാ-.
പരുമലലെമരുവും തിരുമേനി!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

നോമ്പാലനിശം വമ്പേറും വീര്യം-
സമ്പാദിച്ചോനേ!
നിൻപെരുന്നാൾ കൊണ്ടാടുന്നോർ-
ക്കെമ്പാടും വരമരുളിടുവാൻ
പരികീർത്തിതനാം പരിശുദ്ധാ!
പരുമലെമരുവും തിരുമേനി!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

കേരളഭൂവിൽ-പമ്പാനദിയാകും-തൻകരയിൽ-
യോർദ്ദാൻ-ഇലവാടാതെ യഥാകാലം
ഫലമേകുന്നൊരു കല്പകമേ!
പരികീർത്തിതനാം പരിശുദ്ധാ-
പരുമലെമരുവും തിരുമേനി!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

ബാല്യത്തിൽത്തന്നെ-ദൈവത്തിനുവേണ്ടി-
സ്വയമർപ്പിച്ചോനേ! ആ ജീവിതവുമനന്തരവും
ഭവ്യാൽഭുതകരനേ! ദിവ്യാ!
പരികീർത്തിതനാം പരിശുദ്ധാ
പരുമലെമരുവും തിരുമേനി!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

2

## (മറിയാമിൻസ്മരണം...രീതി)

പരുമലെ വാണരുളും-പരിപാവനചരിതാ!
പരിചൊടു ഞങ്ങൾക്കായ്-പരനോടർത്ഥിക്ക
സ്വസ്ഥത ഞങ്ങൾക്കീ-പൃത്ഥിയിലുളവാകാൻ
ക്രിസ്തുവിനോടുതാതാ! പ്രാർത്ഥിക്കുക നിത്യം
പുരുസൗരഭമോലും-പരിശുദ്ധാ സിദ്ധാ!
പരമാധീശൻതൻ-പരിമള ഭാജനമേ!
മണമുയരും പൂവൻ-മണിമേച്ചിൽപ്പുറമേ!
മണിനാദം പൊങ്ങും-മണിമയമന്ദിരമേ. (പരുമലെ)

പച്ചപ്പുല്ലരുളി-സ്വച്ഛജലം കാട്ടി
നിച്ചലമാടുകളെ-മേച്ചൊരു നല്ലിടയാ!
സൂത്രവിശാരദനാം-സാത്താനേപ്പോരിൽ
സാത്വികതേജസ്സാൽ-സത്യംവെന്നോനേ!
ആത്മബലംമൂലം-വിസ്മയകർമ്മങ്ങൾ
ചെമ്മേ ചെയ്തോനേ!-നിർമ്മല മാനസനേ-

(പരുമലെ)

അമ്പോടർത്ഥനയും-നോമ്പും നിറവേറ്റി
ഇമ്പമൊടീശോയെ-നമ്പിയ നിർമ്മലനേ!
തങ്കത്തിമർത്ഥം-തങ്കം വിശ്വാസം
പങ്കിലമാകായ്‌വാ-നങ്കം പൊരുതോനേ
ആപത്തുകളെങ്ങും-വ്യാപിക്കും കടലിൽ
ദീപസ്തംഭംപോൽ-ദീപിക്കും താതാ!

(പരുമലെ)

മക്കൾക്കൊരുതാങ്ങേ-ഭക്തജനത്തണലേ
മുക്തിപുരം ചേരാൻ-ശക്തിതരും താതാ!
ഭിന്നതയും വലുതാം-ഖിന്നതയും നീങ്ങി
മന്നിതിലീസഭ ന-ല്ലുന്നതി നേടട്ടെ.
ചേതോഹരമാമീ-കാതോലിക പദവി
നാൾതോറും-വിജയം-നീതിയിൽ നേടട്ടേ-
പരുമലെ വാണരുളും-പരിപാവനചരിതാ!
പരിചൊടു ഞങ്ങൾക്കായ്-പരനോടർത്ഥിക്ക

## മാർ യാക്കോബിന്റെ ബോവുസാ നമ്പർ: 01

ഗ്രീഗോറീ-യോ-സേ ഞങ്ങൾക്കായ്-പ്രാർത്ഥിച്ചാലും
നിൻ പ്രാർത്ഥനയാൽ പുണ്യം ഞങ്ങൾക്കേകും നാഥൻ.
ശ്രേഷ്ഠതയേറും ചര്യകളാലെ-താപസനായി
പ്രാർത്ഥന നോമ്പെന്നിവയാൽ-മേന്മേലദ്ധ്യാനിച്ചു.
നല്ലാത്മാവും സ്നേഹം നിറയും-ചിത്തവുമേറ്റം
നിർമ്മലമാകും ഭാവം മുറ്റും മേനിയുമുള്ളോൻ.

ധാർമ്മികമാകും കർമ്മത്താലും വചനത്താലും
നാൾമുഴുവൻ നീ വിശ്രമമെന്യെ വീറോടോടീ.
ആദിമുതൽക്കേ നിന്നേയേറ്റാൻ താതൻ സ്തുത്യൻ
വന്ദ്യൻ നിന്നെ സഭയിൻതൂണായ്-നിർത്തിയ പുത്രൻ
എണ്ണം കൂടും പാഷാണ്ഡതയാം-വഞ്ചനയേത്താൻ
പാടേവെല്ലാൻ വീര്യം തന്നോൻ റൂഹാസ്തുത്യൻ
നീ വഴിയായീനിർമ്മലഗാനം പാടിയ-നാഥന്.
കണ്ടാലും നിന്നസ്ഥികൾ തന്നിൽ-നിവസിക്കുന്നു.
വിശ്വാസത്താൽ നിന്നേ നമ്പും സർവ്വരിൽ നിന്നും
നിൻ പ്രാർത്ഥനയാൽ നാഥൻ കോപം മായിക്കട്ടെ.

## മാർ യാക്കോബിന്റെ ബോവുസോ നമ്പർ: 02

ഗ്രീഗോറിയോ-സേ ഞങ്ങൾക്കായി-പ്രാർത്ഥിച്ചാലും
നിൻ പ്രാർത്ഥനയാൽ പുണ്യം-ഞങ്ങൾക്കേകും നാഥൻ
പാട്ടുകളാലേ കീർത്തിച്ചോരാം പട്ടക്കാർക്കായ്
ശെമ്മാശന്മാർക്കായും താതാ പ്രാർത്ഥിച്ചാലും
സ്ത്രീപുരുഷർക്കായ് ബാല്യക്കാർക്കായ്-പൈതങ്ങൾക്കായ്-
കന്യകമാർക്കായ് ദമ്പതികൾക്കായ് സർവ്വർക്കായും
നിൻപ്രാർത്ഥനയാൽ കൃപചെയ്തീടും-താതൻ സ്തുത്യൻ
നിൻ യാചിപ്പിനാൽ കനിവുണ്ടാകും പുത്രൻ വന്ദ്യൻ
ഞങ്ങൾക്കായുള്ളർത്ഥനയാലേ ക്രോധം നീക്കി.